ഉത്തരം

(എ) 1395.58 കോടി രൂപ

(ബി) കേന്ദ്ര വിഹിതം സംസ്ഥാനത്തിന് ലഭിക്കുന്നതിന് പ്രത്യേകം നടപടികളൊന്നും ആവശ്യമായി വരാറില്ല. കേന്ദ്ര ബഡ്ജറ്റിലെ നീക്കിയിരുപ്പ നുസരിച്ച് ഗഡുക്കളായി ഓരോ മാസവും കേന്ദ്രത്തിൽ നിന്നുള്ള വിഹിതം സംസ്ഥാനത്തിനു ലഭിച്ചുവരുന്നു.

(സി) 1998.76 കോടി രൂപ

(സംസ്ഥാന ബഡ്ജറ്റ് പ്രകാരം)

19 (757) ഐ.എ.എസ്. ഉദ്യോഗസ്ഥൻമാരുടെ പേരിൽ വിജിലൻസ് അന്വേഷണം

ശ്രീ. എ.കെ. മണി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ എത്ര ഐ.എ.എസ്. ഉദ്യോഗസ്ഥൻമാരുടെ പേരിൽ വിജിലസ് അന്വേഷണം നടക്കുന്നുണ്ട്;

(ബി) ആരുടെയെല്ലാം പേരിലാണ് എന്ന് വ്യക്തമാക്കുമോ;

(സി) അന്വേഷണം നേരിടുന്ന ഐ.എ.എസ് ഉദ്യോഗസ്ഥൻമാർ ഇപ്പോൾ വഹിക്കുന്ന സ്ഥാനങ്ങൾ ഏതെല്ലാം; എന്ത് തസ്തികയിൽ ജോലി ചെയ്തപ്പോഴാണ് അന്വേഷണത്തിന് ആസ്പദമായ കേസ്സുകൾ ഉണ്ടായത് എന്നും അവ ഏതെല്ലാം എന്നും വെളിപ്പെടുത്തുമോ;

(ഡി) കേസ്സുകളുടെ ഇപ്പോഴത്തെ സ്ഥിതി എന്തെന്നും വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 10 ഐ.എ.എസ്. ഉദ്യോഗസ്ഥൻമാരുടെ പേരിൽ അന്വേഷണം നടക്കുന്നുണ്ട്.

(ബി)

1. ശ്രീ. ആർ. രാമചന്ദ്രൻനായർ (റിട്ടയേർഡ്)
2. ശ്രീ. പി.കെ. മൊഹന്തി
3. ശ്രീ. സി.വി. ആനന്ദബോസ്
4. ശ്രീ. പി.എച്ച്. കുര്യൻ
5. ശ്രീ. എസ്. പത്മകുമാർ (റിട്ടയേർഡ്)
6. ശ്രീ. വി. സോമസുന്ദരം
7. ശ്രീ. എൻ. വി. മാധവൻ
8. ശ്രീ. ഗ്യാനേഷ് കുമാർ
9. ശ്രീ. അമിതാഭ് കാന്ത്
10. ശ്രീ. കെ. സുരേഷ് കുമാർ

LIBRARY ARCHIVES Kerala Legislative Assembly

(സി) & (ഡി) വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.†

കണ്ണൂരിലെ നിർദ്ദിഷ്ട വിമാനത്താവളം

20(758) ശ്രീ. കെ.സി. ജോസഫ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂരിലെ നിർദ്ദിഷ്ട വിമാനത്താവളത്തിന് കേന്ദ്ര ഗവൺമെന്റിന്റെയും സെൻട്രൽ എയർപോർട്ട് അതോറിറ്റിയുടേയും ക്ലിയറൻസ് ലഭിച്ചിട്ടുണ്ടോ;

(ബി) വിമാനത്താവളത്തിനുവേണ്ടി എത്ര സ്ഥലം ലഭ്യമാക്കാനാണ് ഉദ്ദേശിക്കുന്നത്;

(സി) ഈ സ്ഥലത്തിന്റെ അക്വിസിഷൻ നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കുമോ;

(ഡി) സ്ഥലം ഏറ്റെടുത്തതുമൂലം എത്ര വീടുകൾ കൂടി ഒഴിപ്പിക്കേണ്ടി വന്നിട്ടുണ്ടെന്നും ഇവരെ പുനരധിവസിപ്പിക്കാൻ എന്ത് നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്നും വെളിപ്പെടുത്തുമോ?

ഉത്തരം

(എ) കണ്ണൂർ വിമാനത്താവളത്തിന് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ടെന്ന് അന്നത്തെ വ്യോമയാനമന്ത്രി ശ്രീ. സി.എം. ഇബ്രാഹിം 1997 ഡിസംബറിൽ സംസ്ഥാന സർക്കാരിനെ അറിയിച്ചിട്ടുണ്ട്.

(ബി) 516.9316 ഹെക്ടർ സ്ഥലം.

(സി) ഇതുവരെ 11.7359 ഹെക്ടർ സ്ഥലം ഏറ്റെടുത്തിട്ടുണ്ട്. അടുത്ത ഘട്ടത്തിൽ 43.9796 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.

(ഡി) ഇതുവരെ ആരെയും കുടി ഒഴിപ്പിക്കേണ്ടി വന്നിട്ടില്ല.

മന്ത്രിമാരുടെ ടെലഫോൺ ചാർജ്ജ്

21(759)ശ്രീമതി റോസമ്മ ചാക്കോ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രി ഉൾപ്പെടെയുള്ള മന്ത്രിമാർ, ഗവൺമെന്റ് ചീഫ് വിപ്പ് എന്നിവരിൽ ഓരോരുത്തരും അവരവരുടെ ഓഫീസിലും വസതിയിലും ഓദ്യോഗിക വസതിയിലും ഗവൺമെന്റ് ചെലവിൽ വച്ചിട്ടുള്ള ടെലഫോണുകൾക്ക് ഇതുവരെ കാൾചാർജ്ജ്, റെന്റൽ എന്നീ ഇനങ്ങളിൽ എന്തു തുക വീതം ചെലവായിട്ടുണ്ടെന്നു വെളിപ്പെടുത്തുമോ;

(ബി) ഏതെങ്കിലും മന്ത്രിയുടെ ഓഫീസിലോ ഔദ്യോഗിക വസതിയിലോ ഏതെങ്കിലും വകുപ്പിന്റെയോ പൊതുമേഖലാ സ്ഥാപനങ്ങളുടെയോ ഫോൺ സ്ഥാപിച്ചിട്ടുണ്ടോ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly